ഹൈസ്കൂൾ അദ്ധ്യാപകൻ	പ്രതിമാസം 3000 രൂപ
പ്രൈമറി ടീച്ചർ	പ്രതിമാസം 2500 രൂപ
ക്ലാർക്ക്	പ്രതിമാസം 2000 രൂപ
പ്യൂൺ/ക്ലാസ്-4 വിഭാഗം ജീവനക്കാർ	പ്രതിമാസം 1000 രൂപ

(സി) അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഡി)&(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്)സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കുവാൻ കൂട്ടാക്കാത്ത മാനേജുമെന്റുകൾക്കെതിരെ നടപടി സ്വീകരിക്കുവാൻ കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്.

85 (1303) പോളിടെക്നിക് ആരംഭിക്കാൻ നടപടി

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ കുളത്തൂരിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പോളിടെക്നിക് അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള പോളിടെക്നിക് കുളത്തൂരിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 30.10.96-ലെ ജി.ഒ.(എം.എസ്.) 185/95/ഉവിവ നമ്പർ സർക്കാർ ഉത്തരവിലൂടെയും 3.5.96-ലെ ജി.ഒ(എം.എസ്.) 114/96/ഉവിവ നമ്പർ സർക്കാർ ഉത്തരവുമുഖേനയും സംസ്ഥാനത്തെ 11 ടെക്നിക്കൽ ഹൈസ്കൂളുകൾ പോളിടെക്നിക്കുകളായി ഉയർത്താൻ ഉത്തരവുണ്ടായി. ഇതിൽ നെയ്യാറ്റിൻകരയിലെ കുളത്തൂരിലെ ടെക്നിക്കൽ ഹൈസ്കൂളും ഉൾപ്പെട്ടിരുന്നു. 11.6.96-ലെ ജി.ഒ. (എം.എസ്) 122/96/ഉവിവ നമ്പർ സർക്കാർ ഉത്തരവിലൂടെ 11 ടെക്നിക്കൽ ഹൈസ്കൂളുകൾ പോളിടെക്നിക്കായി ഉയർത്താനുള്ള മുകളിൽ പറഞ്ഞ ഉത്തരവുകൾ നയപരമായ തീരുമാനമെന്ന നിലയിൽ പിൻവലിക്കുകയുണ്ടായി.

(ബി) തിരുവനന്തപുരം ജില്ലയിൽ പുതിയതായി ഗവൺമെന്റ് പോളിടെക്നിക്കുകൾ അനുവദിക്കാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിലില്ല.

86 (1304) സ്കോളർഷിപ്പ് വിതരണം ചെയ്യാൻ നടപടി

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) മസ്ലീം-നാടാർ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക ഏതെല്ലാം വർഷങ്ങളിലേക്ക് കൊടുത്തുതീർക്കാനുണ്ട്;

(ബി) പ്രസ്തുത തുക ഈവർഷം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1997-98 വർഷം മുതൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കുടിശ്ശിക നൽകാനുണ്ട്;

(ബി) ഈ വർഷം സ്കോളർഷിപ്പ് വിതരണത്തിന് വകയിരുത്തിയ 180.25 ലക്ഷം രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിദ്യാർത്ഥികൾക്ക് നൽകുന്നതിന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അലോട്ട് ചെയ്തിട്ടുണ്ട്. 1997-98 വർഷം മുതലുള്ള കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

87 (1305) ഫീസ് സൗജന്യം ലഭിക്കുന്നതിനുള്ള വരുമാനപരിധി

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്കവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാനപരിധി എത്രയാണ്;

(ബി) സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് 1.3.97-ൽ നടപ്പാക്കിയ ശമ്പളപരിഷ്കരണത്തിന് ആനുപാതികമായി പ്രസ്തുത വരുമാനപരിധി ഉയർത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) ഇല്ലെങ്കിൽ വരുമാനപരിധി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 42000 രൂപ.

(ബി) ഇല്ല.

(സി) വരുമാനപരിധി ഉയർത്തുന്നകാര്യം പരിശോധിച്ചുവരുന്നു.

88 (1306) സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന വിദ്യാർത്ഥിനികൾക്കുള്ള സ്കോളർഷിപ്പുകൾ

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസ്ലീം, ഹിന്ദു-നാടാർ സമുദായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിൽ കാലതാമസം നേരിടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് ഗവൺമെന്റ് ഹൈസ്കൂളിൽ 1996-97, 97-98, 98-99, 99-2000 എന്നീ അദ്ധ്യയന വർഷത്തിലേ

LIBRARY ARCHIVES Kerala Legislative Assembly